# കൂട്ടുകൃഷിക്കൂട്ടായ്മയിലെ നേരറിവുകൾ

**കെ.വി. ശിവപ്രസാദ്**

ഹരിതവിപ്ലവങ്ങളും കൃഷിക്കൂട്ടായ്മകളും ഏറെ പിന്നിട്ടു. എന്നിട്ടും പാതി വഴിയിലുപേക്ഷിക്കപ്പെട്ട സ്വപ്നബാക്കിയിൽ കൂട്ടായ്മകളൊഴിഞ്ഞു. ഇന്നിനി നമുക്ക് - മനുഷ്യജന്മത്തിന് കേൾക്കാനാവുന്നത് ഈ ഭൂമിയുടെ നെഞ്ചോടമർത്തപ്പെട്ട വിതുമ്പലുകളുടെ നേർമിടിപ്പുകളാണ്. നേരറിയും നെഞ്ചം പിടയാതൊടുങ്ങില്ലാ, അറിയാതൊടുങ്ങില്ലാ.

വരന്തരപ്പിള്ളി പഞ്ചായത്തിലെ 'കരയാംപാടം', മറ്റത്തൂർ പഞ്ചായത്തിലെ 'കോടാലിപ്പാടം', 'ചാഴിക്കാട്' എന്നീ പാടശേഖരങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 'സുസ്ഥിര' ഗ്രാമവികസന പദ്ധതിയുടെ ഭാഗമായ 'ഗാലസ' പദ്ധതി ഉണർവ്വിന്റെ സത്യം തിരിച്ചറിയുന്നു. ഈ കർഷകർ കൂട്ടായ്മയിലൂടെ ഉരുത്തിരിഞ്ഞ ആശയങ്ങളുടെ നേരറിവുകളാണ് ഇന്ന് ഇവിടത്തെ കർഷരുടെ കർമ്മപഥങ്ങൾ.

വരന്തരപ്പിള്ളി പഞ്ചായത്തിൽ 'കരയാംപാടം' പാടശേഖര സമിതി 'ഗാലസ' പദ്ധതിയിലൂടെ 28 ഹെക്ടർ പ്രദേശത്താണ് നെൽകൃഷി ചെയ്തത്. 'ഉമ' എന്ന 120 ദിവസം മൂപ്പുള്ള വിത്താണ് ഉപയോഗിച്ചത്. ഒരേ സമയത്ത് ഒരേ രീതിയിലുള്ള കളനിയന്ത്രണവും വളപ്രയോഗവും നടത്തി. വിളവെടുപ്പ് കഴിഞ്ഞു. ഹെക്ടറിന് 3000 മുതൽ 4000 കിലോ വരെ നെല്ല് ഉൽപാദിപ്പിക്കാനും കിലോക്ക് 7.50 രൂപ നിരക്കിൽ നെല്ല് വിപണനം ചെയ്യാനും അവർക്ക് സാധിച്ചു. പുഞ്ചസീസണിൽ പാടത്ത് പച്ചക്കറി കൃഷിചെയ്യുന്നു, ഇപ്പോൾ 8 ഏക്കർ സ്ഥലത്ത് വെള്ളരി കൃഷി ചെയ്യുന്നു. കൂടാതെ കുറ്റിപയർ തുടങ്ങിയ വിളകളും ചെയ്യുന്നു. ഇതുമൂലം പാടം തരിശായി മാറുന്നില്ല എന്നു മാത്രമല്ല കൃഷിക്കാരന് അധികവരുമാനവും ലഭിക്കുന്നു.

മറ്റത്തൂർ പഞ്ചായത്തിലെ കോടാലിപ്പാടം പാടശേഖരത്തിലും ഇത്തവണ കൃഷിക്കുപയോഗിച്ചത് 'ഉമ' എന്ന വിത്താണ്. 25 ഹെക്ടർ പ്രദേശത്താണ് സമിതിയുടെ നേതൃത്വത്തിൽ നെൽകൃഷി ചെയ്തത്. ഏറ്റവും അശാസ്ത്രീയമായ രീതിയിൽ കൃഷിചെയ്തു കൊണ്ടിരുന്ന ഒരു പാടശേഖരമാണ് ചാഴിക്കാട്. അവിടത്തെ കർഷകരെ ബോധവൽക്കരിക്കുകയും അവരുടെ കൂട്ടായ്മ സൃഷ്ടിച്ചെടുക്കുകയും ചെയ്തതിനുശേഷം ഇപ്പോൾ കൃത്യമായ കളനിയന്ത്രണവും വളപ്രയോഗവും നടത്തി കൃഷി പരിപാലിച്ചു. വിളവെടുപ്പ് കഴിഞ്ഞു. കിലോക്ക് 7 രൂപ മുതൽ 7.50 വരെ നെല്ല് വിൽക്കാൻ സമിതിക്ക് സാധിച്ചു.



ചാഴിക്കാട് പാടശേരത്തിൽ 21 ഹെക്ടർ പ്രദേശത്ത് കൃഷിയിറക്കിക്കഴിഞ്ഞു. ഇവിടെ ചുവന്ന ത്രിവേണിവിത്തുപയോഗിച്ചു. ഈ പാടശേഖരത്തിലും കളനിയന്ത്രണത്തിലും വളപ്രയോഗത്തിലും കൃത്യത പുലർത്തി പരിപാലിച്ചുവരുന്നു.

ഗാലസ ('ഗ്രൂപ്പ് അപ്രോച്ച് ഫോർ ലോക്കലി അഡാപ്റ്റബിൾ സസ്റ്റെയിനബിൾ അഗ്രികൾച്ചർ) പദ്ധതി പ്രകാരം കൃഷി ചെയ്യുന്ന മേൽപ്പറഞ്ഞ മൂന്ന് പാടശേഖരങ്ങളിലും ഒരേ ഇനം വിത്തുപയോഗിച്ച് ഒരേ സമയത്ത് കൃഷിയിറക്കി ഒരേ സമയത്ത് കൃത്യതയോടെ വളപ്രയോഗവും കളനിയന്ത്രണവും നടത്തി ഏറ്റവും ചെലവുകുറഞ്ഞ രീതിയിൽ കൃഷിചെയ്യുന്നു എന്നതാണ് പ്രത്യേകത. ഇതുമൂലം കൃഷിചെയ്യാതെ കാലങ്ങളായി നിർജ്ജീവമായി കിടന്നിരുന്ന നിലങ്ങൾ ഇപ്പോൾ കാർഷികോത്പാദനത്തിൽ സജീവമായി. കർഷകർക്ക് ഭേദപ്പെട്ട വരുമാനമാർഗ്ഗവുമായി.

വർഷങ്ങളായി കൃഷി ചെയ്തുകൊണ്ടിരുന്ന കർഷകർ വൈവിധ്യമാർന്നതും ക്രമം തെറ്റിയതുമായ കൃഷിരീതികൾ അവലംബിക്കുമ്പോൾ അശാസ്ത്രീയ കാർഷികരീതികൾ കാർഷികമേഖലയെ അന്യംനിന്ന് പോകാവുന്ന അവസ്ഥയിലേക്ക് എത്തിക്കുകയായിരുന്നു. മാത്രമല്ല കൃഷിയിലെ നഷ്ടം കർഷകനെ തളർത്തുകയും തകർക്കുകയും ചെയ്യുമ്പോൾ കൃഷി ചെയ്യാതെ പലരും നിലം തരിശിടുന്നു. പിന്നീട് അത് പാടം നികത്തുന്നതിനും പാടത്തുനിന്ന് മണ്ണെടുത്ത് പല നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ജലദൗർലഭ്യത്തിനും മറ്റും കാരണമാകുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന ഒരു മാഫിയ തന്നെ സൃഷ്ടിക്കപ്പെടുമ്പോൾ അവതാളത്തിലാവുന്നത് മനുഷ്യന്റെ മാത്രമല്ല ഭൂമിയുടെ മൊത്തം തുലനാവസ്ഥയാണ്. ഈ അസന്തുലിതാവസ്ഥ സകല ജീവജാലങ്ങളുടെയും അതിജീവനത്തെയാണ് ബാധിക്കുന്നത്,. ഇത്തരം പരിസ്ഥിതിക പ്രശ്നങ്ങൾ എത്ര ലാഘവത്തോടെയാണ് കാണുന്നത് എന്ന യാഥാർത്ഥ്യവും നാം കണ്ടില്ലെന്നു നടിക്കുന്നു. ഈ വാസ്തവങ്ങളെ തിരിച്ചറിയുന്ന ഒരുകൂട്ടം കർഷകരുടെ ചിന്തയുടെയും കൂടിയാലോചനകളുടെയും ഫലമാണ് ഇന്ന് കരയാംപാടം, കോടാലിപ്പാടം, ചാഴിക്കാട് എന്നിവിടങ്ങളിലെ പാടശേഖര സമിതികൾ, പരമ്പരാഗതമായ എന്നാൽ ശാസ്ത്രീയമായ കൃഷിരീതി പ്രാവർത്തികമാക്കി വിജയിപ്പിക്കുന്നത്. സുസ്ഥിര നെൽവികസന പദ്ധതിയുടെ ഭാഗമായ ഗാലസ പദ്ധതിയുടെ മേൽനോട്ടവും യഥാസമയം നിർദേശങ്ങളും നൽകുന്നത് മറ്റത്തൂർ കൃഷി ഓഫീസർ എൻ.വി. ബേബി റാഫേൽ, കൃഷി അസിസ്റ്റന്റുമാരായ വിനോദ്, പി.ജെ. ലിജോയ് എന്നിവരടങ്ങുന്ന മറ്റത്തൂർ കൃഷിഭവന്റെ നേതൃത്വമാണ്. ഒപ്പം വരന്തരപ്പിള്ളി കൃഷി ഓഫീസർ ഷീബയും.

ചാഴിക്കാടും കോടാലിപാടവും കരയാംപാടവും കരയാതിരിക്കാനായി കർഷകർ ഒരുക്കിയ വയലേലകളിൽ പുഴുക്കളില്ല, പുത്തുമ്പികളുണ്ട്. ആത്മവിശ്വാസത്തിന്റെയും ആത്മസംതൃപ്തിയുടെയും ഉണർവ്വും ഉയർച്ചയുമുണ്ട്. കൂട്ടുകൃഷിക്കൂട്ടായ്മയിലെ ഹരിതാഭമായ നേരറിവുകളുടെ കൊയ്ത്തുത്സവമാണ് 'ഗാലസ.' അവിടെ സുവർണ്ണ ശോഭയാർന്ന നെന്മണികളുതിരുന്നു.